II ഇ.ബി. XV- കേരള നിയമസഭ/XIV-2

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 സെപ്റ്റംബർ 17, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6(*31) വൈദ്യുതിലൈനിൽനിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണങ്ങൾ ഒഴിവാക്കാൻ നടപടി

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, വൈദ്യുതിലൈനിൽനിന്നും ഷോക്കേറ്റ് അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും അവ ഒഴിവാക്കുന്നതിനായി എല്ലാ ജില്ലകളിലും കളക്ടറുടെ നേതൃത്വത്തിൽ അപകടനിവാരണ സമിതികൾ യോഗം ചേരുകയും വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സുരക്ഷാകാര്യങ്ങൾ ഉറപ്പുവരുത്താൻ സേഫ്റ്റി വിങ് പ്രവർത്തിക്കുന്നുണ്ടെന്നും വൈദ്യുത ലൈനിലെ അപകടസാധ്യതയും അപകടങ്ങളും ഉടനടി ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അറിയിക്കുന്നതിന് ടോൾഫ്രീ നമ്പറും എമർജൻസി നമ്പറും ഏർപ്പെടുത്തിയിട്ടുണ്ടെന്നും അപകടസാധ്യതകൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് ലൈൻ പട്രോളിങ് ചെയ്തുവരികയാണെന്നും മന്ത്രി അറിയിച്ചു. ട്രാൻസ്മിഷൻ/വിതരണ ഓവർഹെഡ് ലൈനുകളുടെ ബാഹുല്യവും സ്ഥലത്തിന്റെ ദൗർലഭ്യവുമാണ് അപകടങ്ങൾക്ക് കാരണമെന്നും വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സമീപം അപകടാവസ്ഥയിലുള്ള മരങ്ങൾ നീക്കം ചെയ്യാൻ

നിർദേശം നൽകിയിട്ടുണ്ടെന്നും അപകടങ്ങൾ കുറയ്ക്കുന്നതിന് എം.ൽ.എ.-മാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികൾ നൽകുന്ന നിർദേശങ്ങൾ അടിയന്തരമായി നടപ്പാക്കുമെന്നും അപകടങ്ങൾ ഒഴിവാക്കുന്നതിന് എൽ.ടി. ലൈനുകളിൽ സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും വൈദ്യുതകമ്പി പൊട്ടി വീഴുമ്പോൾ സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിന് 11 കെ.വി. ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും ലോ ടെൻഷൻ വിതരണ ലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചും സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അപകടങ്ങൾ കുറയ്ക്കുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിന് സമഗ്ര പഠനം നടത്തി വരുന്നുണ്ടെന്നും ലൈനുകളുടെ നിർമ്മാണത്തിന് ഭൂഗർഭ കേബിളുകൾ, എ.ബി.സി. കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ എന്നിവ ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതാണെന്നും അപകടങ്ങളിൽപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും സ്കൂളുകളിൽ നടത്തുന്ന സുരക്ഷാ ഓഡിറ്റ് രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7(*32) <u>ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതി</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, അനെർട്ടിന്റെ നേതൃത്വത്തിൽ കേരള ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്നും അനെർട്ട് സമർപ്പിച്ച ഹരിത ഹൈഡ്രജൻ നയത്തിന്റെ കരടിന് ഉടൻ അംഗീകാരം നൽകുമെന്നും 'കേരള HVIC ഫൗണ്ടേഷൻ' കമ്പനിക്കായിരിക്കും കേരളത്തിൽ പദ്ധതിയുടെ പൂർണ്ണമേൽനോട്ടമെന്നും സഭയെ അറിയിച്ചു.

133.18 കോടി രൂപയുടെ പദ്ധതിക്ക് 53.4 കോടി രൂപ കേന്ദ്ര സഹായമായി ലഭിക്കുമെന്നും സംസ്ഥാന സർക്കാർ വിഹിതം 2023-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നതുപ്രകാരം ലഭ്യമാക്കുമെന്നും പൈലറ്റ് ഘട്ടത്തിൽ ഒരു വർഷം 57 ടൺ ഹരിത ഹൈഡ്രജൻ ഉത്പാദനമാണ് ലക്ഷ്യമിടുന്നതെന്നും പദ്ധതിയുടെ ഒന്നാംഘട്ടം ആദ്യ 5 വർഷം കൊണ്ട് നടപ്പാക്കാനും തുടർന്നുള്ള ഘട്ടത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഹരിത ഹൈഡ്രജൻ ഉത്പാദനവും ഉപയോഗം വർധിപ്പിക്കലും കയറ്റുമതിയും ലക്ഷ്യമിടുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ലാഭകരമായ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നുണ്ടെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1578 മെഗാവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഹൈഡ്രജൻ ഹബ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഉടുപ്പി-കരിന്തളം-വയനാട് പവർ ഹൈവേ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാൻ പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

8 (*33) <u>കേന്ദ്ര നയംമൂലം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധികൾ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിൽപ്പന നടത്തുന്നതിന് വകുപ്പ് സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നുണ്ടെന്നും സഭയെ അറിയിച്ചു. കേരളത്തിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിനുമായി 'കേരള ബ്രാൻഡ്' പദ്ധതി

നടപ്പാക്കിയിട്ടുണ്ടെന്നും ചെറുകിട വ്യവസായങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് സ്മാർട്ട് സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇന്ത്യ-യു.കെ സ്വതന്ത്ര വ്യാപാര കരാർ കേരളത്തിലും ഇന്ത്യയിലും എം.എസ്.എം.ഇ.കളെ അനുകൂലമായും പ്രതികൂലമായും ബാധിക്കാൻ സാധ്യതയുണ്ട്. സംരംഭക വർഷം പദ്ധതിയിലൂടെ സംസ്ഥാനത്തെ സംരംഭങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാനായിട്ടുണ്ടെന്നും എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകളും ഫ്രീ ഹെൽപ് ഡെസ്കുകളും ആരംഭിച്ചിട്ടുണ്ടെന്നും കെ-സ്റ്റോർ വഴി പ്രാദേശിക ഉല്പന്നങ്ങൾ വിൽക്കാനുള്ള സൗകര്യമേർപ്പെടുത്തിയിട്ടുണ്ടെന്നും ഗ്ലോബൽ സിറ്റി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും മട്ടന്നൂർ കിൻഫ്രാ പാർക്കിൽ കേന്ദ്ര സഹായത്തോടെ ഫുഡ് പാർക്ക് ആരംഭിക്കാൻ ശ്രമം നടത്തുമെന്നും യൂണിറ്റി മാൾ 2026 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്യാനാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9 (*34) <u>വ്യവസായ സംരംഭങ്ങൾ കൂടുതൽ ആകർഷകമാക്കാൻ നടപടി</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 22688.47 കോടി രൂപയുടെ നിക്ഷേപവും 749712 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും 250-ൽപ്പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും "സംരംഭകസഭ" സംഘടിപ്പിച്ചിട്ടുണ്ടെന്നും എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വ്യവസായം ആരംഭിക്കുന്നതിന് K-SWIFT പോർട്ടൽ മുഖേനയും നേരിട്ടും

അപേക്ഷിക്കാവുന്നതാണെന്നും വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് ഭൂമി അനുവദിച്ച് നൽകുന്നതിന് ഏകീകൃത ലാന്റ് റൂൾ നടപ്പാക്കിയിട്ടുണ്ടെന്നും പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്നീ പദ്ധതികൾ പുരോഗതിയിലാണെന്നും 'മിഷൻ 1000' പദ്ധതിയിലേക്ക് 376 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും 30 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും തൃശ്ശൂർ ജില്ലയിലെ കെൽട്രോണിന്റെ ഭൂമി വ്യവസായ ഗവേഷണ ആവശ്യങ്ങൾക്ക് വിനിയോഗിക്കുമെന്നും കെൽട്രോണിന്റെ പ്രവർത്തനം വിവിധ രാജ്യങ്ങളിലേയ്ക്ക് വിപുലപ്പെടുത്തുമെന്നും INKEL-ന് 17 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*35) <u>കയർ മേഖലയുടെ വിപണി വിപുലീകരണം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, കയർ തൊഴിലാളികൾക്ക് വിപണന സാധ്യതയുള്ള കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കയർ ഉല്പന്നങ്ങളുടെ വിപണനത്തിന് ബഹുരാഷ്ട്ര ഓൺലൈൻ വ്യാപാര കമ്പനിയായ വാൾമാർട്ടുമായി ധാരണയായിട്ടുണ്ടെന്നും ആമസോൺ, പെപ്പർ ഫ്രൈ, ഇന്ത്യ മാർട്ട്, എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, കേരള സർക്കാരിന്റെ K-Shoppe (E-commerce platform) എന്നിവ വഴി കയർ ഉല്പന്നങ്ങളുടെ വില്പന നടത്തിവരുന്നുണ്ടെന്നും തിരുവനന്തപുരം ലുലു മാളിൽ കയർ കോർപ്പറേഷന്റെ പുതിയ വില്പനശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കയർ ഉല്പന്ന മേഖലകളിലെ വൈവിധ്യവൽക്കരണത്തിന് പരമ്പരാഗത മേഖലയിൽ

പണിയെടുക്കുന്ന 350 ക്രാഫ്റ്റ്സ്മാൻമാർക്ക് പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് 99.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും രണ്ടാം കയർ വ്യവസായ പുനഃസംഘടനയുടെ ഭാഗമായി ചെറുകിട കയർ ഉൽപാദകരുടെ നെയ്ത്ത് തറികളുടെ അറ്റകുറ്റപ്പണിക്കായി ഒറ്റത്തവണ സഹായം പദ്ധതി ആവിഷ്കരിക്കുകയും പരമ്പരാഗത ഇ-റാട്ടിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലി 400 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉല്പാദക സൊസൈറ്റികളിലെ മെഷീനുകളുടെ അറ്റകുറ്റപ്പണികളും സാങ്കേതിക പരിഷ്കരണങ്ങളും യഥാസമയം നടത്താൻ കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിങ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിലൂടെ തൊഴിൽ ദിനങ്ങൾ വർധിപ്പിക്കാനാകുമെന്നും നാളിതുവരെ 245 ലക്ഷം സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 150 കോടി രൂപയുടെ ഭൂവസ്ത്ര വില്പന നടത്തിയിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

- - - - - - - - - - - - -